**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**474** — **29.01.2019**-ലെ മറുപടിക്ക്

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**

ഡോ. ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ട്രഷറി നിക്ഷേപം**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതെല്ലാം ബില്ലുകൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 20 ലക്ഷം രൂപവരെയുള്ള ബില്ലുകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | ട്രഷറികളിൽ ഫണ്ട് മൊബിലൈസ് ചെയ്യുവാൻ ഏതെല്ലാം മാർഗ്ഗങ്ങളാണ് ഇപ്പോൾ സ്വീകരിക്കുന്നത്; ഫണ്ട് മൊബിലൈസ് ചെയ്യുന്ന മാർഗ്ഗങ്ങളിൽ പിഴവ് സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | സംസ്ഥാന ട്രഷറിയിൽ സേവിംഗ്സ് ബാങ്ക് സൗകര്യം നിലവിലുണ്ട്. ഇതിന്റെ ഭാഗമായി വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിന് സാധിക്കും. പബ്ലിക് അക്കൗണ്ട് വഴി ധന സമാഹരണം നടത്തി ബജറ്റ് ചെലവുകൾ ചെയ്യുന്നതിന് കേന്ദ്ര സർക്കാരിന്റെ കർശന നിയന്ത്രണങ്ങൾ നിലവിലുണ്ട്. |
| (സി) | ട്രഷറി നിക്ഷേപം കുറഞ്ഞുവരുന്ന കാര്യം പരിശോധിക്കുമോ; ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; 2016, 2017, 2018 വർഷങ്ങളിലെ ട്രഷറി നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ? | പബ്ലിക് അക്കൗണ്ടിലെ വർദ്ധനവ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയെ ബാധിക്കുമെന്നതിനാൽ ട്രഷറി നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ഉചിതമെന്ന് കാണുന്നില്ല. എന്നാൽ ട്രഷറി സേവിംഗ്സ് ബാങ്ക് ഉപഭോക്താക്കൾക്ക് സൗഹൃദപരമായ രീതിയിൽ ട്രഷറി സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.<br>2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിലെ ട്രഷറി നിക്ഷേപം യഥാക്രമം 5,615.38 കോടി രൂപ, 9,361.61 കോടി രൂപ, 2,023.45 കോടി രൂപയാണ്. |

**സെക്ഷൻ ഓഫീസർ**